ശ്രീ. ഇ. പി. പൗലോസ്: ആ ഉദ്യോഗസ്ഥനു് ഈ ഗവണ്മെൻറിൽനിന്നും വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവണ്മെൻറിൽനിന്നും യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല.

ശ്രീ. കോന്നാനാത്തു കുഞ്ഞിരാമമേനോൻ: റെയിൽവേ ലൈൻ ഏതു വഴിയാണു പോകുന്നതെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതു ഇൻഡ്യാ ഗവണ്മെൻറിൽനിന്നും റിപ്പോർട്ട് വന്നതിനു ശേഷമേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. എ. സിതമ്പരനാഥ നാടാർ: எதாவது ஸ்கிம்கள், கம்மிற்றிகளில் மெம்பர்கள் எடுப்பது முதலியன இருந்தால், அவைகள் கொச்சிக்கும், வட திருவிதாங்கூருக்கும் மாத்திரந்தான். இதற்கு எதாவது பிரத்தியேகமான காரணங்களுண்டா?

ശ്രീ. സി. വി. ഇയ്യു: കന്യാകുമാരിവരെ റയിൽവേ ലൈൻ നീട്ടുന്നതിനെപ്പറ്റി ഗവണ്മെൻറാലോചിക്കുവാൻ ദയവുണ്ടാകുമോ?

(No answer.)

ബോണസ്

*ന ാ ാ. (ചോ) ശ്രീ. പി. കെ. കുമാരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ടാൻസ്റ്റോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ടാൻസ്റ്റോട്ട് ജീവനക്കാർക്കു ബോണസ് കൊടുത്തുവരുന്ന പതിവുണ്ടോ? ഉണ്ടെങ്കിൽ എത്ര ശതമാനം?

(ബി) ജനകീയഭരണം ആരംഭിച്ചതിനു ശേഷം ഓരോ കൊല്ലവും കൊടുത്തിട്ടുള്ള ബോണസ്സിൻെറ അളവെത്ര?

(സി) കഴിഞ്ഞകൊല്ലത്തെ (൧൯൫൭) ബോണസ്സു കൊടുത്തോ; ഇല്ലെങ്കിൽ കൊടുക്കാത്തതിനുള്ള കാരണം എന്തു്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്. നാൺപെൻഷനബിൾ ജീവനക്കാർക്കു് ബോണസ് കൊടുത്തുവരുന്നുണ്ടു്. അറാദായത്തിൻെറ ഏഴരശതമാനം ഓരോരുത്തരുടേയും ശമ്പളത്തിൻെറ അടിസ്ഥാനത്തിൽ വീതിച്ചുകൊടുക്കും.

(ബി) ൧൯൫൫-ലെ ബോണസ് ൧,൫൧,൪൭൫ രൂപാ ൧൩ണയായിരുന്നു. ൧൯൫൬-ലെ ബോണസ് ൧,൪൫,൭൫൦ രൂപാ ൧൩ണ.

(സി) ഇല്ല: കണക്കുകൾ ശരിപ്പെട്ടു വരുന്നതേ ഉള്ളൂ.

ശ്രീ. പി. കെ. കുമാരനാചാരി: ൧൯൫൭ കഴിഞ്ഞിട്ടു രണ്ടേഴു മാസമായിട്ടും കണക്കുകൾ ശരിപ്പെട്ടു വരുന്നതേ ഉള്ളൂ എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആഡിറ്റു നടക്കുന്നതേയുള്ളൂ. അതുകൊണ്ടാണു ഞാൻ പറഞ്ഞതു്.

ശ്രീ. പി. കെ. കുമാരനാചാരി: ഈ രാജ്യത്തെ മികച്ചവ്യവസായസ്ഥാപനങ്ങളിലും ൧൯൫൭-ലെ ബോണസ് തൊഴിലാളികൾക്കു് കൊടുത്തിരിക്കുന്ന സ്ഥിതിക്കു് ടാൻസ്റ്റോട്ടിലെ തൊഴിലാളികൾക്കു മാത്രം ബോണസ് കൊടുക്കാതിരിക്കുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: That has already been answered.

ശ്രീ. ഇട്ടീര അയ്യക്കൻ : കണക്കെടുപ്പ് ആഡിറ്റ ചെയ്തു തീരാതെ എങ്ങനെയാണ് ലാഭം ബഡ്ഡറ്റിൽ കാണിച്ചിരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള : ആഡിറ്റ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. വി. ജയ്യ : പ്രൈവറ്റ ബസ്സുകൾക്ക് ചുമത്തുന്ന നികുതി ടാൻസ്പോർട്ട് ബസ്സുകൾക്കും ചുമത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്.

ശ്രീ. എ. താണുപിള്ള : ഈ കണക്കുകൾ എന്നു പരിശോധിച്ചു തീരുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : കഴിയുന്നതും വേഗത്തിൽ ചെയ്തു തീർക്കുന്നതാണ്.

ശ്രീ. സി വി. ജയ്യ : ടാൻസ്പോർട്ട് ബസ്സുകൾക്ക് ഇൻഡ്യാ ഗവൺമെൻറ് ആദായനികുതി ചുമത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

കണ്ടക്ടർമാർ

*൩൦൧. (൯൦) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ടാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽ ആകെയുള്ള കണ്ടക്ടർമാരും ഇൻസ്പെക്ടർമാരും എത്ര?

(ബി) ഓരോ ജനത്തിലും വിശ്വകർമ്മസമുദായത്തിൽ പെട്ടവർ എത്രയുണ്ട്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) കണ്ടക്ടറന്മാർ ൬൫൦. ഇൻസ്പെക്ടറന്മാർ ൫൭൪

(ബി) വിശ്വകർമ്മസമുദായത്തിൽപെട്ട കണ്ടക്ടറന്മാർ ൫൫. ഇൻസ്പെക്ടറന്മാർ ഇല്ല.

ശ്രീ പി. കെ. കുമാരനാചാരി : ഇത്രയും ഉദ്യോഗസ്ഥന്മാരുള്ളതിൽ വിശ്വകർമ്മസമുദായത്തിൽ നിന്നും ൫൫ കണ്ടക്ടറന്മാരെ മാത്രം നിയമിച്ചിട്ടുള്ളതു് സമുദായപ്രാതിനിധ്യം അനുസരിച്ചും ജനസംഖ്യാനുപാതികമായും ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : വിശ്വകർമ്മ സമുദായത്തിൽ എത്ര ജനസംഖ്യയുണ്ടെന്നും, ജനസംഖ്യാനുപാതികമായിട്ട് ഇത്രയും നിയമനങ്ങൾ നടത്തിയതു് ശരിയാണോ എന്നും ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളതു് പബ്ലിക്ക് സർവ്വീസു് കമ്മീഷൻ മുഖാന്തിരമാണ്.

ശ്രീ. പി. കെ. കുമാരനാചാരി : ൧൯൫൩-ൽ എത്ര കണ്ടക്ടറന്മാരേയും, ഇൻസ്പെക്ടറന്മാരേയും ഇപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനു നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly